# ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)

**(ഹാജർ: ശ്രീ.സി.രഘു, ഐ.എ.എസ് )**

**എൽ.ആർ (ടി6) – 30400/2007** **തീയതി : 17 – 11 – 2011**

വിഷയം:- ജീവനക്കാര്യം - ലാന്റ് റവന്യൂ വകുപ്പ് - 01.11.1956 മുതൽ 17.03.2006 വരെയുള്ള കാലയളവിലെ എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

വായന:-
1. ജി.ഒ.(പി) നമ്പർ 77/2006/ആർ.ഡി തീയതി 17.03.2006 ലെ സർക്കാർ ഉത്തരവ്.
2. ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ 03.03.2010 ലെ എൽ.ആർ റ്റി(6)-30400/07 നമ്പർ നടപടിക്രമം..
3. 31.07.2009 ലെ 64953/സി3/ 06/ആർ.ഡി നമ്പർ സർക്കാർ കത്ത്.
4. 04.08.2011-ലെ 62872/റ്റി3/2010/ആർ.ഡി നമ്പർ സർക്കാർ കത്ത്.

കേരള ലാന്റ് റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ടൈപ്പിസ്റ്റ്/ഫെയർകോപ്പി സൂപ്രണ്ട്) സ്പെഷ്യൽ റൂൾ 2006, വായന (1) പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു. സ്പെഷ്യൽ റൂളിലെ 4 ാം ചട്ടപ്രകാരം കേരളാ ലാന്റ് റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ടൈപ്പിസ്റ്റ്/ഫെയർകോപ്പി സൂപ്രണ്ട്) സ്പെഷ്യൽ റൂളിന്റെ പരിധിയിൽ വരുന്ന എല്ലാ തസ്തികകളിലും 01.11.1956 മുതൽ പ്രാബല്ല്യത്തിൽ സംസ്ഥാനതല നിയമനത്തിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ 01.11.1956 മുതൽ 17.03.2006 വരെയുള്ള കാലയളവിലെ സംസ്ഥാനതല താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റ് വായന (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

പ്രസ്തുത താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റിന്മേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശവാദങ്ങളും ഉന്നയിക്കുവാൻ മതിയായ അവസരം നൽകിയിരുന്നു. ആയതിൻ പ്രകാരം ലഭിച്ച ആക്ഷേപങ്ങളും അവകാശവാദങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും കോടതി വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചും ആവശ്യമായ കേസുകളിൽ പരാതിക്കാരെ/ബന്ധപ്പെട്ടവരെ നേരിൽ കേട്ടും തീർപ്പാക്കിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ വായന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും വായന (3), (4) പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 01.11.1956 മുതൽ 17.03.2006 വരെയുള്ള കാലയളവിലെ എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമവൽക്കരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ലിസ്റ്റ് പരിശോധിക്കുവാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ അയച്ചു തരേണ്ടതുമാണ്.

**(ഒപ്പ്)**
**ജോയിന്റ് കമ്മീഷണർ**

പകർപ്പ്:
1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ കളക്ടർമാർക്കും.
3. സെക്രട്ടറി, ലാന്റ് ബോർഡ്., തിരുവനന്തപുരം.
4. സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.എൽ.ഡി.എം, തിരുവനന്തപുരം.
6. വിജിലൻസ് ഡെപ്യൂട്ടി കളക്ടർ, ദക്ഷിണ/ മധ്യ / ഉത്തര മേഖലകൾ.
7. അസിസ്റ്റന്റ് കമ്മിഷണർ(ആർ.ഇ)
8. ജോയിന്റ് കമ്മീഷണറുടെ CA യ്ക്ക്,
9. സൂപ്രണ്ട്, എൻ സെക്ഷൻ
10.. എൻ2 സീറ്റ് ക്ലാർക്ക്
11. സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**